# Handbook
# for
# FOUR YEAR UNDERGRADUATE PROGRAMME (FYUGP)

**Department of Higher Education**
**Government of Kerala**
**&**
**Directorate of Collegiate Education**



നവകേരള സൃഷ്ടിയുടെ ഭാഗമായി കേരളീയ സമൂഹത്തെ ഒരു നവ വൈജ്ഞാനിക സമൂഹമാക്കി പരിവർത്തനം ചെയ്യെടുക്കുവാനും വിജ്ഞാന സമ്പദ്ഘടനയിലൂടെ കേരളത്തിന്റെ സമ്പദ്ഘടനയുടെ വിപുലീകരണവും ജനജീവിത നിലവാര വർദ്ധനവും സാദ്ധ്യമാക്കാനും പ്രതിജ്ഞാബദ്ധമാണ് കേരള സർക്കാർ. ആ ദിശയിലുള്ള ഉദ്യമങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കേണ്ട ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ഇപ്പോഴത്തെ പ്രധാന പരിഗണന നൽകിക്കൊണ്ട് സമഗ്രവും സമൂലവുമായ മാറ്റങ്ങളും മുന്നേറ്റങ്ങളും സാധ്യമാക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. ഇതിന്റെ ഭാഗമായാണ് ചതുർവർഷ ബിരുദകോഴ്സുകൾ ആരംഭിക്കുന്നത്. ലോകത്തിലെ വിഖ്യാത സർവ്വകലാശാലകളെല്ലാം നടപ്പാക്കി വരുന്ന നാലുവർഷ പാറ്റേൺ, കേരളത്തിലും നടപ്പാക്കുന്നത് ഉന്നതവിദ്യാഭ്യാസ രംഗത്തെ ഇന്റർനാഷണലൈസേഷൻ (അന്താരാഷ്ട്രവൽക്കരണം) പ്രക്രിയയേയും ഊർജ്ജിതപ്പെടുത്തുന്നു.

വിദ്യാർത്ഥികളുടെ തൊഴിൽ ആഭിമുഖ്യവും നൈപുണിവികസനവും പ്രോത്സാഹിപ്പിച്ചുകൊണ്ട് മികച്ച തൊഴിൽ സാദ്ധ്യതകളിലേക്കു പോകാനും കൂടുതൽ ആഴത്തിൽ അറിവന്വേഷണങ്ങൾ നടത്താനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവേഷണാത്മക പഠനത്തിനുള്ള സാദ്ധ്യതകളും ഉറപ്പാക്കിക്കൊണ്ടാണ് നാലുവർഷ ബിരുദ പ്രോഗ്രാമിനായുള്ള മാതൃകാ കരിക്കുലം തയ്യാറാക്കിയിട്ടുള്ളത്. വിദ്യാർത്ഥി കേന്ദ്രിതമായ കാഴ്ചപ്പാടോടെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ സർഗ്ഗാത്മകമായ സ്വാതന്ത്ര്യവും വഴക്കവും (flexibility) അനുവദിക്കുന്ന രീതിയിലാണ് നാലുവർഷ ബിരുദ കോഴ്സ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

നാലുവർഷ ബിരുദ കോഴ്സ് നടപ്പാക്കുന്നത് സംബന്ധിച്ച് കോളേജുകളിൽ ഉറപ്പാക്കേണ്ട മുന്നൊരുക്കങ്ങൾ വിശദീകരിക്കുന്ന കൈപ്പുസ്തകമാണിത്. ഇത് പ്രയോജനപ്പെടുത്തി, ആവശ്യമായ ക്രമീകരണങ്ങൾ സജ്ജമാക്കി. കാമ്പസ് അന്തരീക്ഷത്തിൽ നവോന്മേഷജനകമായ മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ശ്രമിക്കുമല്ലോ.

സ്നേഹപൂർവ്വം

**ഡോ. ആർ. ബിന്ദു**
ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി

# FYUGP (Four Year Under Graduate Programme)

## ആമുഖം

ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവെയ്പ്പാണ് നാലുവർഷ ബിരുദ പ്രോഗ്രാം. ആധുനികകാലത്തിനാവശ്യമായ ജ്ഞാനവും നൈപുണികളും നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തി, ജ്ഞാനസമ്പദ് വ്യവസ്ഥയിലധിഷ്ഠിതമായ നവകേരള നിർമിതിയും കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുക എന്ന ഉദ്ദേശ്യവും പൂർത്തീകരിക്കുന്നതിന്റെ ഭാഗമായാണ് കേരളത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി മുന്നേറാനുള്ള അവസരമാണ് ഇത് മുന്നോട്ടുവെയ്ക്കുന്നത്. മൂന്നുവർഷം കഴിയുമ്പോൾ ബിരുദത്തോടെ പുറത്തു പോകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥിക്ക് ബിരുദവും, നാലുവർഷം പഠിക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യത്തിനും അഭിരുചിക്കുമനുസരിച്ച് ഓണേഴ്സ് ബിരുദവും അല്ലെങ്കിൽ ഓണേഴ്സ് വിത്ത് റിസർച്ച് എന്ന ബിരുദവും ലഭിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

ഗവേഷണത്തിലും അധ്യാപനത്തിലും മുന്നോട്ടു പോകാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് ഓണേഴ്സ് വിത്ത് റിസർച്ചും ബിരുദപഠനത്തിനു ശേഷം തൊഴിൽ രംഗത്തേക്ക് കടക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഓണേഴ്സ് ബിരുദവും എന്ന തരത്തിൽ ദ്വിമുഖമായ ഒരു സമീപനമാണ് നാലുവർഷബിരുദം മുന്നോട്ടു വെക്കുന്നത്.

ഒരു വർഷക്കാലത്തെ മുന്നൊരുക്കത്തിനു ശേഷമാണ് 2024 ജൂലൈ 1 മുതൽ ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാർ നിയോഗിച്ച പ്രൊഫ. ശ്യാം ബി. മേനോൻ ചെയർമാനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശയനുസരിച്ചാണ് കേരളത്തിൽ നാലുവർഷ ഓണേഴ്സ് ബിരുദം രൂപകൽപ്പന ചെയ്തിട്ടുള്ളത്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി പ്രമുഖ ശാസ്ത്രജ്ഞനും NIST മുൻ ഡയറക്ടറുമായ പ്രൊഫ. സുരേഷ് ദാസ് ചെയർമാനായിട്ടുള്ള 39 അംഗ കരിക്കുലം കമ്മിറ്റി തയ്യാറാക്കിയ മാതൃകാ കരിക്കുലവും ഉന്നതവിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയ മാതൃകാ റെഗുലേഷനും അനുസരിച്ചാണ് യൂണിവേഴ്സിറ്റികൾ നാലു വർഷ പ്രോഗ്രാമിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകിയത്.

നാലുവർഷ ബിരുദം എന്നത് നിലവിലുള്ള മൂന്നുവർഷ ബിരുദത്തെ ഒരു വർഷത്തേക്ക് കൂടി വർദ്ധിപ്പിച്ച് അധികമായി പഠിപ്പിക്കുന്ന ഒന്നായിട്ടല്ല കേരളം വിഭാവനം ചെയ്തിരിക്കുന്നത്. അധ്യാപനത്തിലും പഠനത്തിലും മൂല്യനിർണയത്തിലും സമൂലമായ മാറ്റം വരുത്തി, പുതുകാലത്തിന്റെ വെല്ലുവിളികളെ

അഭിമുഖീകരിക്കുന്നതിനും അവസരങ്ങളെ ഉപയോഗപ്പെടുത്തുന്നതിനും ഉതകുന്ന വിധത്തിൽ വിദ്യാർത്ഥി സമൂഹത്തിന് ഏറ്റവും മികച്ച കോഴ്സുകൾ പഠിക്കാൻ സാധ്യമാവുന്ന തരത്തിലാണ് ഈ പ്രോഗ്രാം വിഭാവനം ചെയ്തിരിക്കുന്നത്. അധ്യാപകർ പഠിപ്പിക്കുക എന്നതിലേറെ വിദ്യാർത്ഥികൾ പഠിക്കുക എന്ന പ്രക്രിയയ്ക്കാണ് പ്രാധാന്യം.

കേവലം സിലബസ് പൂർത്തീകരിച്ച പരീക്ഷ നടത്തി റിസൾട്ട് പ്രഖ്യാപിക്കുക എന്ന നിലവിലെ രീതിക്കു പകരമായി ഓരോ പ്രോഗ്രാമിലൂടെയും കോഴ്സുകളിലൂടെയും (പേപ്പർ) വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി (Knowledge, Skill, Aptitude) എന്നിവ ഉറപ്പ് വരുത്തുക എന്നതിനാണ് പ്രാധാന്യം. അതുകൊണ്ടുതന്നെ എല്ലാ കോഴ്സുകളുടെയും പഠന രീതിയും പരീക്ഷാരീതിയും ഒരു പോലെ ആവണമെന്നില്ല. വിദ്യാർത്ഥികളുടെ പശ്ചാത്തലവും അഭിരുചിയും കണക്കിലെടുത്ത് ആവശ്യമായ പഠനരീതികൾ അവലംബിക്കാൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വാതന്ത്ര്യം നാലുവർഷബിരുദം ഉറപ്പ് നൽകുന്നു. ഒരേ കാമ്പസിനകത്തുതന്നെ ഒരേ കോഴ്സുകൾ വ്യത്യസ്ത അധ്യാപകർക്ക് വ്യത്യസ്ത തരത്തിൽ പഠിപ്പിക്കുന്നതിനും അതിന്റെ പരീക്ഷയും മൂല്യനിർണയവും നടത്തുന്നതിനും സ്വാതന്ത്ര്യമുണ്ടാവും. കാമ്പസിന്റെ പശ്ചാത്തലവും അടിസ്ഥാനസൗകര്യങ്ങളും വിദ്യാർത്ഥികളുടെ പശ്ചാത്തലവും പരിഗണിച്ചുകൊണ്ട് അവർക്ക് ഏതു രീതിയിലാണോ ജ്ഞാനവും നൈപുണിയും അഭിരുചിയും വിനിമയം ചെയ്യപ്പെടേണ്ടത്, അതിനനുസൃതമായ രീതിയിലുള്ള ടൂൾസ് അധ്യാപകർ ഉപയോഗിക്കുക എന്നുള്ളതിനാണ് ഈ പ്രക്രിയയിൽ ഏറ്റവുമധികം പ്രാധാന്യം നൽകുന്നത്

ക്ലാസ്സുറിക്കും ലാബിനും പുറമെ, ഫീൽഡ് വിസിറ്റ്, ഇൻഡസ്ട്രിയൽ വിസിറ്റ്, അഭിമുഖങ്ങൾ, ഗ്രൂപ്പ് ഡിസ്കഷനുകൾ, അവതരണങ്ങൾ, ഡോക്യുമെന്റേഷൻ, വീഡിയോ പ്രസന്റേഷൻ, സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയ പ്രായോഗിക പരിശീലനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ അധ്യാപകർക്ക് സാധിക്കണം. ശാസ്ത്ര വിഷയങ്ങൾക്ക് മാത്രം പ്രാക്ടിക്കൽ ഉണ്ടായിരുന്ന രീതിയിൽനിന്ന് വ്യത്യസ്തമായി, നൈപുണി ഉറപ്പ് വരുത്താൻ ആവശ്യമെങ്കിൽ എല്ലാ വിഷയങ്ങൾക്കും പ്രാക്ടിക്കും നൽകിയിട്ടുണ്ട്. അതത് വിഷയങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രാക്ടിക്കും നൽകാൻ അധ്യാപകർക്ക് സ്വാതന്ത്ര്യം നൽകുന്നു.

ഓരോ കോഴ്സിലും സർവകലാശാല തയ്യാറാക്കിയ സിലബസിന്റെ 20 ശതമാനം ഡിസൈൻ ചെയ്യാനുള്ള സ്വാതന്ത്ര്യം അധ്യാപകർക്ക് നൽകുന്നു. ഓരോ വിഷയവുമായും ബന്ധപ്പെട്ടുള്ള പ്രാദേശികവും സമകാലികവുമായ സംഭവങ്ങളെയും മാറ്റങ്ങളെയും കണ്ടുപിടുത്തങ്ങളെയും ആവശ്യങ്ങളെയും സ്രോതസ്സുകളെയും പരിഗണിച്ചുകൊണ്ട് കോഴ്സിനെ ഏറ്റവും സമകാലികമാക്കാൻ ഇതിലൂടെ സാധ്യമാകുന്നു.

സർവകലാശാല നൽകുന്ന സിലബസിൽ ജ്ഞാനം, നൈപുണി, അഭിരുചി എന്നിവയിൽ ഏതെങ്കിലും മേഖലക്ക് ആവശ്യമായ പരിഗണന ലഭിച്ചില്ലെങ്കിൽ ആ പരിമിതി മറികടക്കുന്നതിനും അധ്യാപകർക്ക് ഈ 20 ശതമാനം ഉപയോഗിക്കാവുന്നതാണ്.

മാത്രമല്ല, ഭാവിയിൽ കോളേജിനകത്തു തന്നെ സിലബസ് പൂർണമായും തയ്യാറാക്കുന്നതടക്കമുള്ള 'അക്കാഡമിക് സ്വയംഭരണം' പഠനവകുപ്പുകൾക്ക് നൽകുന്നതിന്റെ ആദ്യ പടി കൂടിയാണിത്. സർവകലാശാല തയാറാക്കിയ കോഴ്സ് ബാസ്ക്കറ്റിനകത്ത് ആവശ്യമായ കോഴ്സുകളില്ലെങ്കിൽ അധ്യാപകർക്ക് സ്വന്തം നിലയ്ക്ക് കോഴ്സുകൾ തയാറാക്കി സർവകലാശാലാ പഠനബോർഡിനു സമർപ്പിച്ചുകൊണ്ട് അത് പഠിപ്പിക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കുന്നതാണ്.

അതുകൊണ്ടുതന്നെ, കേവലം ഘടനാപരമോ സാങ്കേതികമോ ആയ മാറ്റം എന്നതിനപ്പുറത്തേക്ക് ഉന്നത വിദ്യാഭ്യാസമേഖലയുടെ സമൂല പരിഷ്കരണത്തിനായുള്ള സുപ്രധാന ചുവടുവെയ്പ്പായാണ് ഇതിനെ കാണേണ്ടത്. പൂർണ്ണമായും വിദ്യാർത്ഥി കേന്ദ്രീകൃതമായ, വിദ്യാർത്ഥികളുടെ താൽപര്യങ്ങൾക്കും അഭിരുചികൾക്കും പ്രാധാന്യം നൽകി, തങ്ങൾക്ക് താല്പര്യമുള്ള മേഖലകളിൽ കരിയർ കണ്ടെത്താനും വിദ്യാർത്ഥികളെ മികച്ച സാമൂഹിക ജീവികളാക്കി വാർത്തെടുക്കുന്നതിനും ഉതകുന്ന തരത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാം തയ്യാറാക്കിയിരിക്കുന്നത്. ജ്ഞാനോല്പാദനത്തിനും നൈപുണിക്കും തുല്യപ്രാധാന്യം നൽകുന്ന ഒരു സംവിധാനമായാണ് കേരളം നാലുവർഷ ബിരുദത്തെ അവതരിപ്പിക്കുന്നത്.

കേരളത്തിലെ നാലുവർഷ ബിരുദ പ്രോഗ്രാം ദേശീയ വിദ്യാഭ്യാസനയത്തിന്റെ അന്ധമായ അനുവർത്തനമല്ല. കേരളത്തിന്റെ സാമൂഹിക- സാംസ്കാരിക സാഹചര്യം പരിഗണിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ സമൂലമായ മുന്നേറ്റം ഉറപ്പു വരുത്തിയാണ് കേരളം നാലു വർഷ ബിരുദ കരിക്കുലവും റെഗുലേഷനും തയ്യാറാക്കിയിട്ടുള്ളത്.

ദേശീയ വിദ്യാഭ്യാസനയം മുന്നോട്ടു വെക്കുന്ന തരത്തിലുള്ള, ആദ്യ വർഷത്തിന് ശേഷം സർട്ടിഫിക്കറ്റ്, രണ്ടാം വർഷത്തിന് ശേഷം ഡിപ്ലോമ, മൂന്നാം വർഷത്തിന് ശേഷം ഡിഗ്രി, നാലാം വർഷത്തിന് ശേഷം ഓണേഴ്സ് എന്നുള്ളതിൽ നിന്ന് വ്യത്യസ്തമായി ആദ്യത്തെ രണ്ടു വർഷത്തെ എക്സിറ്റ് ഓപ്ഷൻ കേരളം നടപ്പാക്കുന്നില്ല. അതുപോലെ തന്നെ ഭാഷാ വിഷയങ്ങൾ കേവലം 8 ക്രെഡിറ്റ് എന്ന രീതിയിലാണ് (ഇംഗ്ലീഷ്, ആധുനിക ഇന്ത്യൻ ഭാഷകൾ) ദേശീയ വിദ്യാഭ്യാസ നയത്തിൽ കണക്കാക്കുന്നതെങ്കിൽ അതിൽ നിന്ന് വ്യത്യസ്തമായി ഇംഗ്ലീഷിനോടൊപ്പം ഏതൊരു ഭാഷ പഠിക്കാനും, ഭാഷാ വിഷയങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കാനുതകുന്ന രീതിയിലുമാണ് കേരളം നടപ്പിലാക്കുന്നത്. ഇങ്ങനെ പ്രായോഗിക തലത്തിൽ ദേശീയ വിദ്യാഭ്യാസനയത്തിൽ നിന്നും വ്യത്യസ്തമായ പാതകളാണ് കേരളം സ്വീകരിക്കുന്നത്.

വിദേശരാജ്യങ്ങളിലടക്കം നാലുവർഷ ബിരുദ കോഴ്സ് ആണുള്ളത്. കേരളത്തിൽനിന്ന് ബിരുദമെടുത്ത് വിദേശത്തേക്ക് ഉപരിപഠനത്തിനു പോകുന്നവർ വീണ്ടും യു.ജി പഠിച്ച് ക്രെഡിറ്റ് സമ്പാദിക്കേണ്ട നിലയുണ്ടായിരുന്നു. അത് ഒഴിവാക്കി ലോകോത്തര വിദ്യാഭ്യാസം ഇവിടെത്തന്നെ സാധ്യമാകുന്ന രീതിയിലുള്ള പരിവർത്തനമാണ് നടപ്പിലാകുന്നത്.

**നാലുവർഷ ബിരുദ കോഴ്സിന്റെ ഘടന:**

• മൂന്നുവർഷത്തെ ബിരുദം, നാലുവർഷത്തെ ഓണേഴ്സ് ബിരുദം, നാലുവർഷത്തെ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം എന്നിങ്ങനെ മൂന്നുതരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

• ഇഷ്ടമുള്ള വിഷയങ്ങളും കോമ്പിനേഷനുകളും പഠിക്കാനുള്ള കോഴ്സ് ബാസ്കറ്റുകൾ കോളേജുകളിലും സർവ്വകലാശാലകളിലും ഉണ്ടാകും.

• **മൂന്നുവർഷ ബിരുദം** - മൂന്നുവർഷം കഴിഞ്ഞാൽ എക്സിറ്റ് ഓപ്ഷൻ ഉപയോഗിച്ച് പഠനം നിർത്തിയാൽ ബി.എ/ ബി.എസ്.സി/ ബികോം ബിരുദങ്ങൾ നേടാം. ഇങ്ങനെ ബിരുദം നേടി പുറത്തിറങ്ങുന്നവർക്ക് തുടർ പഠനത്തിനായി രണ്ടുവർഷത്തെ പി.ജിക്ക് ചേർന്ന് പഠിക്കാനുള്ള സാധ്യത നിലവിലുള്ളത് പോലെ തുടരും.

• **നാലുവർഷ ബിരുദം (ഓണേഴ്സ്**) -

ഓണേഴ്സ് ബിരുദം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് നാലാം വർഷത്തിലേക്ക് പ്രവേശിക്കാം.

നാലാം വർഷത്തെ ആദ്യ സെമസ്റ്ററിൽ (ഏഴാം സെമസ്റ്റർ) റെഗുലർ ക്ലാസ്സ് ഉണ്ടായിരിക്കും. എട്ടാം സെമസ്റ്റർ പൂർണ്ണമായി പ്രോജക്റ്റും ഇൻ്റേൺഷിപ്പുമായിരിക്കും. ഈ സെമസ്റ്ററിൽ റെഗുലർ ക്ലാസ് ഉണ്ടാവില്ല. വിദ്യാർത്ഥികൾക്ക് തങ്ങളുടെ കരിയർ താത്പര്യമനുസരിച്ച് ലോകത്ത് എവിടെ വേണമെങ്കിലും ഇന്റേൺഷിപ്/ പ്രൊജക്റ്റ് ചെയ്യാം. ക്യാമ്പസിനകത്തു അധ്യാപകരുടെ കൂടെയും ഇന്റേൺഷിപ്/ പ്രൊജക്റ്റ് ചെയ്യാൻ സാധിക്കും.

ഇന്റേൺഷിപ്പിനും പ്രോജക്റ്റിനുമൊപ്പം രണ്ട് ഓൺലൈൻ കോഴ്സുകൾ പൂർത്തിയാക്കണം. പ്രോജക്റ്റും ഇന്റേൺഷിപ്പിനും ചെയ്യാൻ താല്പര്യമില്ലെങ്കിൽ പകരമായി മൂന്നു കോഴ്സ് ഓൺലൈൻ ആയി പഠിച്ചാലും മതി.

നാലു വർഷത്തെ ബിരുദം (ഓണേഴ്സ്) പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് പിന്നീട് പി.ജി പൂർത്തിയാക്കാൻ ഒരു വർഷം മാത്രം മതി. അവർക്ക് പി.ജി രണ്ടാം വർഷത്തിലേക്ക് നേരിട്ട് ലാറ്ററൽ എൻട്രി ലഭിക്കും.

• **നാലുവർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം -**

നാലുവർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദത്തിന് ചേരാൻ മൂന്നുവർഷത്തെ പഠനത്തിൽ 75 ശതമാനം മാർക്ക് വേണം. അധ്യാപനത്തിലും ഗവേഷണത്തിലും തല്പരരായ വിദ്യാർഥികൾക്ക് ഇത് തിരഞ്ഞെടുക്കുന്നതാകും അഭികാമ്യം. ഇവർക്ക് നേരിട്ട് പിഎച്ച്ഡിക്ക് ചേരാനും നെറ്റ് പരീക്ഷ എഴുതാനും സാധിക്കും. അവസാന സെമസ്റ്റർ ഒരു ഗവേഷണ മാർഗ്ഗദർശിയുടെ മേൽനോട്ടത്തിൽ ഒരു തീസിസ് പൂർത്തിയാക്കിയാൽ മാത്രമാണ് നാലുവർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം ലഭിക്കുക. നാലാം വർഷത്തെ ആദ്യ സെമസ്റ്ററിൽ (ഏഴാം സെമസ്റ്റർ) റെഗുലർ ക്ലാസ്സ് ഉണ്ടായിരിക്കും

**നാലുവർഷ ബിരുദത്തിന്റെ സവിശേഷതകൾ:**

• കോഴ്സുകൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.

ഒരു കോളേജിൽ കെമിസ്ട്രി ഐച്ഛിക വിഷയമായി ബിരുദത്തിനു ചേർന്ന വിദ്യാർത്ഥി നിർബന്ധമായും കണക്കും ഫിസിക്സും പഠിക്കേണ്ടി വരുന്ന സാഹചര്യമാണ് ഇതുവരെ ഉണ്ടായിരുന്നത്. എന്നാൽ വിദ്യാർത്ഥികൾക്ക് താല്പര്യമെങ്കിൽ കെമിസ്ട്രിക്കൊപ്പം മ്യൂസിക്കോ സാഹിത്യമോ ജേണലിസമോ ചരിത്രമോ മറ്റു തൊഴിലധിഷ്ഠിത കോഴ്സുകളോ, അല്ലെങ്കിൽ കെമിസ്ട്രിയോടൊപ്പം ഫിസിക്സ് മാത്രമായോ പഠിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടാകും. തങ്ങൾ പഠിക്കുന്ന കോളേജിൽ താല്പര്യമുള്ള കോഴ്സുകൾ ഇല്ലെങ്കിൽ അത് മറ്റു കോളേജുകളിൽനിന്നോ ഓൺലൈൻ ആയോ പഠിക്കാനുള്ള അവസരവും നൽകുന്നു.

•എല്ലാ വിദ്യാർത്ഥികളെയും ഒറ്റ അച്ചിൽ വാർത്തെടുക്കുന്ന നിലവിലെ രീതി മാറും. ഗവേഷണത്തിനും അധ്യാപനത്തിനും താല്പര്യമുള്ളവർക്ക് ആ അർത്ഥത്തിൽ വളരാനും കലാകായിക മേഖലയിൽ മുന്നോട്ട് പോകേണ്ടവർക്ക് ആ തലത്തിലേക്ക് പോകാനും ബിരുദത്തിനുശേഷം തൊഴിൽമേഖലകളിലേക്ക് പോവാൻ താല്പര്യമുള്ളവർക്ക് ആവശ്യമായ ജ്ഞാനവും നൈപുണിയും അഭിരുചിയും സ്വായത്തമാക്കാനുമുള്ള അവസരമാണ് ലഭിക്കുന്നത്.

• റെഗുലർ പഠനത്തോടൊപ്പം ഓൺലൈൻ ആയുള്ള കോഴ്സുകളിലൂടെ ആർജിച്ചെടുക്കുന്ന ക്രെഡിറ്റും പഠന പ്രോഗ്രാമിന്റെ ഭാഗമാക്കി മാറ്റാം. നൈപുണീവികസനത്തിനുള്ള പരിശീലനങ്ങളും ക്രെഡിറ്റായി മുതൽക്കൂട്ടാവുന്നതാണ്.

•താല്പര്യമുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു സെമസ്റ്റർ (8th Semester) പൂർണ്ണമായും ഇന്റേൺഷിപ്പ് / പ്രോജക്റ്റ്/ ഫീൽഡ് വർക്ക് ചെയ്യാനുള്ള അവസരം ഉണ്ടാകും.

• മുഴുവൻ വിദ്യാർത്ഥികൾക്കും 120 മണിക്കൂറിന്റെ (2 ക്രെഡിറ്റ്) നിർബന്ധിത വൊക്കേഷണൽ/തൊഴിൽ പരിശീലനത്തിന്റെ ഭാഗമായുള്ള ഇന്റേൺഷിപ് ഉണ്ടാകും.

• അഡ്വാൻസ്ഡ് ലേണേഴ്സിന് വേണമെങ്കിൽ രണ്ടര വർഷം കൊണ്ട് ഡിഗ്രിയും മൂന്നര വർഷം കൊണ്ട് ഓണേഴ്സ് ബിരുദവും നേടാനുള്ള (N-1 Semester) സംവിധാനവും ഉറപ്പുവരുത്തുന്നു.

• ആവശ്യമെങ്കിൽ പഠനത്തിനിടയ്ക്ക് ഇടവേളയെടുക്കാനും, കോളേജോ സർവ്വകലാശാലയോ മാറാനും ഉള്ള അവസരവും നൽകുന്നു. ഇവയെല്ലാം K-REAP (Kerala Resource for Education Administration and Planning) എന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ ഏകീകരിക്കും.

അഡ്മിഷൻ എടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഒരു unique ID നൽകും. വിദ്യാർത്ഥികൾ കോളേജിനകത്തുനിന്നും പുറത്തുനിന്നും ആർജ്ജിക്കുന്ന എല്ലാ ക്രെഡിറ്റും ഈ unique ID യോട് ചേർന്നുള്ള ക്രെഡിറ്റ് ബാങ്കിൽ നിക്ഷേപിക്കപ്പെടും. ഏതെങ്കിലും സാഹചര്യത്തിൽ വിദ്യാർത്ഥി കോളേജോ

സർവ്വകലാശാലയോ മാറുന്ന സാഹചര്യത്തിലും ആർജിച്ച ക്രെഡിറ്റുകളും മാറ്റാവുന്നതാണ്. അത് കൊണ്ടുതന്നെ പുതിയ സ്ഥാപനത്തിൽനിന്ന് ബാക്കിയുള്ള ക്രെഡിറ്റ് ആർജ്ജിച്ചാൽ മതിയാകും.

ഉദാഹരണമായി, ഒരു വർഷം കാലിക്കറ്റ് സർവകലാശാലക്ക് കീഴിലുള്ള കോളേജിൽ പഠിച്ച ഒരു വിദ്യാർത്ഥിക്ക് രണ്ടാം വർഷം കേരള സർവകലാശാലക്ക് കീഴിലുള്ള ഒരു കോളേജിലേക്ക് മാറാൻ സാധിക്കും. അല്ലെങ്കിൽ, രണ്ടു വർഷം ഡൽഹി സർവകലാശാലയിൽ പഠിച്ച ഒരു വിദ്യാർത്ഥിക്ക് മൂന്നാം വർഷം കേരളത്തിലെ ഒരു കോളേജിലേക്കും മാറാനും സാധിക്കും.

Academic Bank of Credit (ABC)മായും വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്യുന്നതു കൊണ്ട് ദേശീയതലത്തിലും ക്രെഡിറ്റ് മാറ്റവും കോളേജ്/ സർവകലാശാല മാറ്റവും സാധ്യമാവും.

അഡ്മിഷൻ എടുത്തു കഴിഞ്ഞാൽ 7 വർഷം കൊണ്ട് ബിരുദം പൂർത്തീകരിച്ചാൽ മതി. പഠനത്തിനിടയ്ക്ക് ആവശ്യമെങ്കിൽ ഇടവേളയെടുത്ത് പിന്നീട് തിരിച്ചു വന്നും ബിരുദം പൂർത്തീകരിക്കാൻ സാധിക്കും. അത്തരം ഘട്ടങ്ങളിൽ വിദ്യാർത്ഥികളെ ഉൾകൊള്ളുന്നതിനു അധിക സീറ്റ് സൂപ്പർന്യൂമററിയായി സൃഷ്ടിക്കാവുന്നതാണ്. ഇടവേള എടുത്തതിനു ശേഷം മറ്റു കോളേജുകളിലും പഠനം തുടരാം.

- ശാസ്ത്രസാങ്കേതിക മേഖലകളെപ്പോലെ തന്നെ സാമൂഹികശാസ്ത്ര -മാനവിക വിഷയങ്ങളുടെ പഠനത്തിലും ഭാഷാപഠനത്തിലും അനിവാര്യമായ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നു. Inter disciplinary/Trans disciplinary തലത്തിലുള്ള പഠനങ്ങളെയും ഗവേഷണങ്ങളെയും പ്രോത്സാഹിപ്പിക്കുന്നു.

- അക്കാദമിക രംഗത്തുണ്ടാകുന്ന നേട്ടങ്ങളും കണ്ടെത്തലുകളും സമൂഹത്തിന് ഉപകാരപ്രദമാകുന്ന രീതിയിലേക്ക് പരിവർത്തനപ്പെടുത്താനുള്ള അവസരം തുറന്നു നൽകുന്ന ട്രാൻസ്‌ലേഷണൽ റിസർച്ചിന് തുടക്കം കുറിച്ചിരിക്കുന്നു. Start-up/ Incubation സൗകര്യം സർവ്വകലാശാലകളിൽ തന്നെ ഉണ്ടാവും. ഇതോടൊപ്പം Industry @ Campus എന്ന പദ്ധതിയും ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു.

- **ക്രെഡിറ്റ് സിസ്റ്റം** -

ഒരു വിദ്യാർത്ഥി ഒരു വിഷയത്തിൽ ചെലവഴിക്കേണ്ട സമയത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ഒന്നാണ് ക്രെഡിറ്റ്. തിയറിയിൽ (theory)ഒരു ക്രെഡിറ്റ് നേടാൻ ഒരു സെമസ്റ്ററിൽ 45 മണിക്കൂർ പഠനപ്രവർത്തനത്തിനായി ചെലവഴിക്കണം. ഇതിൽ 15 മണിക്കൂർ ക്ലാസ്സ് തലത്തിലും (Lecture/tutorial/direct learning activities) 30 മണിക്കൂർ സ്വയം പഠനവും വേണം. മൂന്നു വർഷത്തിൽ 133 ക്രെഡിറ്റ് നേടിയാൽ ബിരുദവും, നാലുവർഷത്തിൽ 177 ക്രെഡിറ്റ് നേടിയാൽ ഓണേഴ്സും ലഭിക്കും.

പ്രാക്ടിക്കലിൽ (Practical) ഒരു ക്രെഡിറ്റ് നേടാൻ ഒരു സെമസ്റ്ററിൽ 30 മണിക്കൂർ പഠനപ്രവർത്തനത്തിനായി ചെലവഴിക്കണം

ഫീൽഡ് കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ (Experiential Learning) ഒരു ക്രെഡിറ്റ് നേടാൻ ഒരു സെമസ്റ്ററിൽ 45 മണിക്കൂർ പഠനപ്രവർത്തനത്തിനായി ചെലവഴിക്കണം.

ഒരു സെമെസ്റ്ററിൽ 18 ആഴ്ചകളിലായി 90 ദിവസമാണ് ഉണ്ടാകുക (18x5=90). ഇതിൽ 15 ആഴ്ചകൾ teaching-learning നും 3 ആഴ്ച പരീക്ഷാസംബന്ധിയായ കാര്യങ്ങൾക്കുമാകും ചെലവഴിക്കുക. ഫൗണ്ടേഷൻ കോഴ്സുകൾ 3 ക്രെഡിറ്റിന്റെ കോഴ്സ് ആയും മേജർ/മൈനർ കോഴ്സുകൾ 4 ക്രെഡിറ്റിന്റെ കോഴ്സുമായിരിക്കും.

4 ക്രെഡിറ്റിന്റെ ഒരു തിയറി കോഴ്സ് 60 മണിക്കൂറിൽ (15*4=60) പൂർത്തീകരിക്കേണ്ട കോഴ്സ് ആകും. അതായത് ഒരു ആഴ്ച 4 തിയറി ക്ലാസ്സാകും ഉണ്ടാകുക. 4 ക്രെഡിറ്റ് കോഴ്സിന്റെ 2 ക്രെഡിറ്റ് തിയറിയും 2 ക്രെഡിറ്റ് പ്രാക്ടിക്കലുമാണെങ്കിൽ 30 മണിക്കൂർ തിയറി ക്ലാസും 60 മണിക്കൂർ പ്രാക്ടിക്കലുമാണ് ഉണ്ടാകുക. അതായത് ആ കോഴ്സിന് ഒരു ആഴ്ചയിൽ 2 മണിക്കൂർ തിയറി ക്ലാസും 4 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസ്സുമാകും.

ക്രെഡിറ്റിനനുസരിച്ചാകണം അധ്യാപകർ ക്ലാസ്റൂം പഠനം ക്രമീകരിക്കേണ്ടത്. ഓരോ കോഴ്സിലൂടെയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി എന്നിവ കോഴ്സിന് അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു എന്ന് അധ്യാപകർ ഉറപ്പു വരുത്തണം. കോഴ്സ് ക്രെഡിറ്റിനനുസരിച്ചുള്ള teaching, learning and evaluation രീതികളാണ് അധ്യാപകർ തിരഞ്ഞെടുക്കേണ്ടത്.

വിദ്യാർത്ഥികളുടെ പശ്ചാത്തലവും കഴിവുകളും കാര്യങ്ങൾ ഗ്രഹിക്കാനുള്ള ശേഷിയും മറ്റും വ്യത്യസ്തമായിരിക്കും. അങ്ങനെയെങ്കിൽ ഓരോ കാമ്പസിനകത്തെയും വിദ്യാർത്ഥികൾക്ക് ഏതു തരത്തിലാണോ ആ വിഷയത്തിലൂടെ ലഭിക്കേണ്ട ജ്ഞാനവും നൈപുണിയും വിനിമയം ചെയ്യപ്പെടേണ്ടത്, അതിനനുസൃതമായ Teaching-Learning-Evaluation രീതികളാണ് അധ്യാപകർ ഉറപ്പു വരുത്തേണ്ടത്.

ഉദാഹരണമായി Communication Skills in English എന്ന കോഴ്സ് എല്ലാ കോളേജുകളിലും ഒരു പോലെ പഠിപ്പിക്കാൻ സാധിക്കില്ല. പ്രാഥമിക വിദ്യാഭ്യാസത്തിലൂടെ നല്ല ഭാഷാ പ്രാവീണ്യം നേടിയ വിദ്യാർത്ഥികളെയും ഭാഷ പരിജ്ഞാനം കുറഞ്ഞ വിദ്യാർത്ഥികളെയും ഒരേ രീതിയിൽ പഠിപ്പിക്കാൻ സാധിക്കില്ല. അതുപോലെ മികച്ച ലബോറട്ടറി സൗകര്യങ്ങളുള്ള ഒരു കാമ്പസിൽ പഠിപ്പിക്കുന്നതുപോലെ ആയിരിക്കണമെന്നില്ല ലബോറട്ടറി സംവിധാനങ്ങൾ അപര്യാപ്തമായ ഒരു കോളേജിലെ പഠനരീതി. ഓരോ കാമ്പസിന്റെയും സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് അതിനനുസൃതമായി ഏറ്റവും മികച്ച പഠനരീതികൾ തിരഞ്ഞെടുക്കാൻ അധ്യാപകർക്ക് സാധിക്കണം. അതുകൊണ്ടുതന്നെ എങ്ങനെയാകണം പഠിപ്പിക്കേണ്ടത് എന്നതിനും വലിയ പ്രാധാന്യമാണ് നാലു വർഷ ബിരുദത്തിലുള്ളത്.

- **പാത്ത് വേ (PATHWAY)**

വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാവുന്ന കോഴ്സുകളുടെ വഴികാട്ടിയാണ് പാത്ത് വേ. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ ഡിസിപ്ലിൻ എന്നിങ്ങനെ വിവിധ പാത്ത് വേകൾ കോളേജുകൾ വാഗ്ദാനം ചെയ്യുന്നു. ഓരോരുത്തരുടെയും അഭിരുചി അടിസ്ഥാനമാക്കിയുള്ള പഠനം സാധ്യമാക്കുന്നതിനാണ് ഈ പാത്ത് വേകൾ നൽകുന്നത്. ഒരേ

പ്രോഗ്രാമിന് ചേരുന്ന വിദ്യാർത്ഥികൾ വ്യത്യസ്തത വിഷയങ്ങൾ പഠിച്ച കൊണ്ടാകും പഠനം പൂർത്തീകരിക്കുക എന്നതാണ് മറ്റൊരു സവിശേഷത.

പൊതുവായി ആറു തരത്തിലുള്ള പാത്ത് വേ ഉണ്ടെങ്കിൽ തന്നെയും ഓരോ കാമ്പസിലെയും സാഹചര്യങ്ങളനുസരിച്ചായിരിക്കും വിദ്യാർത്ഥികൾക്ക് ഇതിൽ നിന്ന് ആവശ്യമായ പാത്ത് വേ തിരഞ്ഞെടുക്കാനുള്ള അവസരം ഉണ്ടാവുന്നത്.

• **മേജർ കോഴ്സുകൾ** -

നിലവിലുള്ള ബിരുദത്തിന്റെ ഘടന, ഒരു മെയിൻ, രണ്ടോ മൂന്നോ സബ്സിഡിയറി എന്നതാണ്. എന്നാൽ നാലുവർഷ ബിരുദ പ്രോഗ്രാമിലേക്ക് മാറുമ്പോൾ ആറ് തരം ഘടനയുള്ള പ്രോഗ്രാമുകൾ ലഭിക്കുന്നു. മെയിൻ എന്നതിനു പകരം മേജർ കോഴ്സ് എന്നാണ് പറയുക.

ഏതെങ്കിലും ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് ആഴത്തിലുള്ള പഠനം നടത്താനായി തിരഞ്ഞെടുക്കുന്ന കോഴ്സാണ് മേജർ കോഴ്സ്. ഉദാ: ഫിസിക്സ് / കെമിസ്ട്രി / സുവോളജി/ മാത്തമറ്റിക്സ്/കൊമേഴ്സ്/ ഇംഗ്ലീഷ്/ മലയാളം / ജേർണലിസം /സ്റ്റാറ്റിസ്റ്റിക്സ്/ ഹിസ്റ്ററി/ഇക്കണോമിക്സ് തുടങ്ങിയവ.

മൂന്ന് വർഷത്തെ പ്രോഗ്രാമിൽ മൊത്തം ക്രെഡിറ്റുകളിൽ 50 ശതമാനം ക്രെഡിറ്റ് മേജർ കോഴ്സിൽ നേടിയിരിക്കണം. നാലു വർഷത്തെ പ്രോഗ്രാമിൽ ആകെ ആർജ്ജിക്കേണ്ട 177 ൽ 88 ക്രെഡിറ്റ് മേജർ വിഷയത്തിൽ നേടിയിരിക്കണം. മൂന്നു വർഷത്തെ പ്രോഗ്രാമിൽ ആകെ ആർജ്ജിക്കേണ്ട 133 ൽ 68 ക്രെഡിറ്റ് മേജർ വിഷയത്തിൽ നേടിയിരിക്കണം.

ഉദാഹരണമായി ഒരു വിദ്യാർത്ഥി ഫിസിക്സിലാണ് 50 ശതമാനം ക്രെഡിറ്റ് നേടുന്നതെങ്കിൽ ഫിസിക്സിലാകും മേജർ ഡിഗ്രി ലഭിക്കുക.

• **മൈനർ കോഴ്സുകൾ -**

മേജർ കോഴ്സുകളിൽനിന്നും വ്യത്യസ്തമായ വിഷയങ്ങൾ മൈനർ കോഴ്സായി തിരഞ്ഞെടുക്കാം. മേജർ ചെയ്യുന്ന വിഷയത്തിൽ മൈനർ ചെയ്യാൻ സാധിക്കില്ല.

3 വർഷത്തെ യു.ജി പ്രോഗ്രാമിൽ മൈനർ ചെയ്യുന്ന വിഷയങ്ങളിൽ 24 ക്രെഡിറ്റുകൾ നേടണം. നാലു വർഷത്തെ പ്രോഗ്രാമിൽ മൈനർ വിഭാഗത്തിൽ 32/36 ക്രെഡിറ്റുകൾ നേടിയിരിക്കണം.

ഉദാഹരണമായി ഫിസിക്സിലാണ് മേജർ ചെയ്യുന്നതെങ്കിൽ അതിന്റെ കൂടെ ചെയ്യുന്ന കെമിസ്ട്രി, സുവോളജി, മ്യൂസിക്ക്, ഹിസ്റ്ററി പോലെ വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള വിഷയങ്ങളെയാണ് മൈനർ എന്ന് പറയുന്നത്.

• തിരഞ്ഞെടുത്ത മൈനർ കോഴ്സുകളെ തുടർ സെമസ്റ്ററുകളിൽ മേജർ കോഴ്സാക്കി മാറ്റി പ്രോഗ്രാം തന്നെ മാറ്റാനുള്ള അവസരം വിദ്യാർത്ഥികൾക്കുണ്ട്. ഉദാ: മേജർ കോഴ്സായി ഫിസിക്സിനു ചേർന്ന വിദ്യാർത്ഥി

മൈനറായി ഹിസ്റ്ററി സ്വീകരിച്ചാൽ താല്പര്യമെങ്കിൽ മൂന്നാം സെമസ്റ്റർ മുതൽ ഹിസ്റ്ററി മേജറായി പഠിക്കാം.

മേജർ ചെയ്യുന്ന വിഷയങ്ങളിൽ മൈനർ ചെയ്യാൻ പാടുള്ളതല്ല. ഉദാഹരണമായി ഫിസിക്സിലാണ് മേജർ ചെയ്യുന്നതെങ്കിൽ ഫിസിക്സിന്റെ അനുബന്ധ വിഷയങ്ങൾ തന്നെ മൈനർ ആയി ചെയ്യാൻ പാടില്ല.

ഓരോ കാമ്പസിനകത്തും വിദ്യാർത്ഥികൾക്ക് മൈനറായി പഠിക്കാൻ സാധിക്കുന്ന മുഴുവൻ വിഷയങ്ങളും ലിസ്റ്റ് തയാറാക്കി കോളേജ് തന്നെ വിദ്യാർത്ഥികളെ അറിയിക്കണം. ഉദാഹരണമായി ഒരു കാമ്പസിനകത്തു കൊമേഴ്സ് ഓഫർ ചെയ്യുന്നുണ്ടെങ്കിൽ കൊമേഴ്സിനോട് ചേർന്ന് പഠിക്കാൻ സാധിക്കുന്ന ഏതെല്ലാം വിഷയങ്ങളാണോ ആ കാമ്പസിനകത്തുള്ളത് അത്തരം വിഷയങ്ങളെല്ലാം തന്നെ ഉൾപ്പെടുത്തി ഒരു ലിസ്റ്റ് തയാറാക്കി വിദ്യാർത്ഥികൾക്ക് നൽകണം. എന്നാൽ വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള ഒരു വിഷയം അവിടെയില്ല എന്നുണ്ടെങ്കിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ വഴി ആ വിഷയം മൈനർ ആയി ചെയ്യാനടക്കമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും.

• **ആറ് തരം പ്രോഗ്രാമുകളെക്കുറിച്ച് സൂചിപ്പിച്ചല്ലോ. അവ താഴെ കൊടുക്കുന്നു.**

**1. സിംഗിൾ മേജർ** -

ഒരു മേജർ വിഷയം മാത്രം ആഴത്തിൽ പഠിക്കുന്നവർക്ക് സിംഗിൾ മേജർ ബിരുദം ലഭിക്കും. ഒരു വിഷയത്തിലും കേന്ദ്രീകരിക്കാതെ താല്പര്യമുള്ള പല വിഷയങ്ങളാകും മൈനർ വിഷയങ്ങളായി പഠിക്കുക. ആയതിനാൽ മേജറിനോടൊപ്പം മൈനർ ബിരുദം ലഭിക്കില്ല.

ഉദാഹരണമായി ഒരു വിദ്യാർത്ഥി ഫിസിക്സിനോടൊപ്പം കെമിസ്ട്രി, ഗണിതശാസ്ത്രം, കമ്പ്യൂട്ടർ സയൻസ്, ഇംഗ്ലീഷ് തുടങ്ങി വ്യത്യസ്ത 6 വിഷയങ്ങളാണ് പഠിക്കുന്നതെങ്കിൽ അവർക്കു ഫിസിക്സ് (മേജർ) എന്ന ബിരുദമാകും ലഭിക്കുക.

2. **മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ ഡിസിപ്ലിൻസ് -**

നിലവിലുള്ള ബിരുദ പഠനത്തിൻ്റെ അതേ മാതൃകയാണിത്. ഒരു വിഷയത്തിൽ ആഴത്തിലുള്ള പഠനവും മറ്റ് രണ്ട് വിഷയങ്ങളിലുള്ള പഠനവും ആണ് ഈ പ്രോഗ്രാമിൽ ഉള്ളത്.

ഉദാഹരണമായി ഒരു വിദ്യാർത്ഥി മൂന്നു വർഷ ബിരുദത്തിൽ ഫിസിക്സിനോടൊപ്പം കെമിസ്ട്രി, ഗണിതശാസ്ത്രം എന്നീ വിഷയങ്ങളിൽ 3 വീതം കോഴ്സുകൾ ചെയ്താൽ ആ വിഷയത്തിൽ മൈനർ ബിരുദം കൂടി ലഭിക്കും.

നാല് വർഷ ബിരുദമാണ് ആഗ്രഹിക്കുന്നതെങ്കിൽ അധികമായി കമ്പ്യൂട്ടർ സയൻസിൽ മൂന്നു കോഴ്സുകൾ കൂടി ചെയ്താൽ ആ വിദ്യാർത്ഥിക്ക് കമ്പ്യൂട്ടർ സയൻസിൽ കൂടി മൈനർ ബിരുദം ലഭിക്കും. ഫിസിക്സ് (മേജർ) വിത്ത് കെമിസ്ട്രി, ഗണിത ശാസ്ത്രം, കമ്പ്യൂട്ടർ സയൻസ് (മൈനർ) എന്ന ബിരുദമാകും ലഭിക്കുക.

3. **മേജർ വിത്ത് സിംഗിൾ മൈനർ** -

ഒരു വിഷയത്തിൽ മേജർ എടുക്കുന്നവർ അതോടൊപ്പം ഒരു വിഷയം മാത്രം മൈനർ ആയി പഠിക്കുമ്പോൾ അവർക്കു മേജർ വിത്ത് സിംഗിൾ മൈനർ എന്ന ബിരുദം ലഭിക്കും. ഉദാഹരണമായി ഒരു വിദ്യാർത്ഥി ഫിസിക്സിനോടൊപ്പം കെമിസ്ട്രി മാത്രം നാല് വർഷം കൊണ്ട് 8 കോഴ്സുകൾ (32 ക്രെഡിറ്റ്) പഠിച്ചാൽ അവർക്കു ആ വിഷയത്തിൽ സിംഗിൾ മൈനർ ലഭിക്കും.

ഇത്തരം പ്രോഗ്രാമിൽ പഠിക്കുന്നവർക്ക് മൈനർ വിഷയത്തിലും പിജിക്ക് പഠിക്കാനുള്ള അവസരമുണ്ടായിരിക്കും.

4. **മേജർ വിത്ത് വൊക്കേഷണൽ മൈനർ** -

ഒരു വിഷയത്തിൽ മേജർ പഠനം നടത്തുമ്പോൾ തൊഴിൽസാധ്യതയുള്ള വിഷയം മൈനർ ആയി തെരഞ്ഞെടുത്ത് പഠിക്കുന്ന പ്രോഗ്രാമാണ് മേജർ വിത്ത് വൊക്കേഷണൽ മൈനർ. ഉദാ: ഫിസിക്സിനൊപ്പം ഡാറ്റാ അനലിറ്റിക്സ്.

പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ ഓൺലൈൻ ആയും വിദ്യാർത്ഥികൾക്ക് വൊക്കേഷണൽ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കാം.

5. **ഡബിൾ മേജർ** -

രണ്ടു പ്രധാന വിഷയങ്ങളിൽ ആഴത്തിൽ പഠിക്കുന്നതിനുള്ള അവസരമാണ് ഇത്. ഒരു വിഷയത്തിൽ മൊത്തം ക്രെഡിറ്റിന്റെ 50 ശതമാനവും രണ്ടാമത്തെ വിഷയത്തിൽ 40 ശതമാനം ക്രെഡിറ്റും നേടണം. ഉദാ: കെമിസ്ട്രിയും ഫിസിക്സും.

6. **മൾട്ടി ഡിസിപ്ലിനറി / ഇന്റർ ഡിസിപ്ലിനറി** -

മൂന്ന് വ്യത്യസ്ത മേജർ വിഷയങ്ങൾ ചേരുന്ന കോമ്പിനേഷൻ ആണിത്. ഉദാഹരണം: ലൈഫ് സയൻസ്, മൈക്രോബയോളജി, ബയോടെക്നോളജി / മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്.

ഇതിൽ ആദ്യം പറഞ്ഞ മൂന്ന് പാത്ത് വേകളും പൊതുവേ എല്ലാ കോളേജിലുമുണ്ടാവും. എന്നാൽ അവസാനത്തെ മൂന്നെണ്ണം കോളേജുകളും യൂണിവേഴ്സിറ്റികളും പ്രത്യേകമായി നടപ്പിലാക്കുന്നതാണ്.

• **പഠനരീതി** -

ഫൗണ്ടേഷൻ (foundation courses), മേജർ (major) / മൈനർ (minor), ക്യാപ്സ്റ്റോൺ കോഴ്സുകൾ (capstone course) എന്നിങ്ങനെ മൂന്നു വിഭാഗത്തിലുള്ള കോഴ്സുകൾ അടങ്ങിയതാണ് നാലുവർഷ ബിരുദ പ്രോഗ്രാം. വിവിധ വിഷയങ്ങളിൽ അടിസ്ഥാനപരമായ അറിവ് നേടാനുള്ളവയാണ് ഫൗണ്ടേഷൻ കോഴ്സുകൾ. ഇവ ആദ്യത്തെ രണ്ട് വർഷങ്ങളിലായി പഠിച്ചിരിക്കണം.

**ഫൗണ്ടേഷൻ കോഴ്സുകൾ** (foundation courses)

ബിരുദത്തിനു ചേരുന്ന മുഴുവൻ വിദ്യാർത്ഥികളും 13 ഫൗണ്ടേഷൻ കോഴ്സുകൾ (39 CREDITS) നിർബന്ധമായും പൂർത്തിയാക്കണം.

ഭാഷ, ഭരണഘടന, ലിംഗനീതി തുടങ്ങിയ പൊതുവിജ്ഞാന വിഷയങ്ങളും, നൈപുണ്യ പ്രോത്സാഹനം, കേരളത്തിന്റെ തനത് വിജ്ഞാനം കൈവരിക്കാനുതകുന്ന വിഷയങ്ങൾ എന്നിവ അടങ്ങുന്നതാണ് ജനറൽ ഫൗണ്ടേഷൻ കോഴ്സുകൾ. എബിലിറ്റി എൻഹാൻസ്മെൻ്റ് കോഴ്സുകൾ (AEC), സ്കിൽ എൻഹാൻസ്മെൻറ് കോഴ്സുകൾ(SEC), വാല്യൂ അഡിഷൻ കോഴ്സുകൾ(VAC), മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ (MDC) എന്നിങ്ങനെ നാല് പ്രധാന ബാസ്കറ്റുകൾ ആയാണ് ജനറൽ ഫൗണ്ടേഷൻ കോഴ്സുകൾ നൽകിയിട്ടുള്ളത്.

ഫൗണ്ടേഷൻ കോഴ്സുകൾ കോളേജ് തലത്തിലാണ് തീരുമാനിക്കപ്പെടേണ്ടത്. സർവകലാശാലാ തലത്തിൽ തയ്യാറാക്കിയിട്ടുള്ള കോഴ്സ് ബാസ്കറ്റിനകത്തുള്ള വ്യത്യസ്ത കോഴ്സുകൾ ഓരോ കാമ്പസിനകത്തെയും സാഹചര്യവും പശ്ചാത്തലവും വിദ്യാർത്ഥികളുടെ താല്പര്യവും കണക്കിലെടുത്തുകൊണ്ടായിരിക്കണം കോളേജുകൾ ഈ നാലു സെഗ്മെന്റിനു കീഴിലുമുള്ള കോഴ്സുകൾ തിരഞ്ഞെടുക്കേണ്ടത്. അതുകൊണ്ടു തന്നെ ഓരോ കാമ്പസിനകത്തും പലപ്പോഴും വ്യത്യസ്ത എബിലിറ്റി, സ്കിൽ, വാല്യൂ ആഡഡ് കോഴ്സുകളായിരിക്കും നൽകപ്പെടുന്നത്. കോളേജുകളുടെ നിലവിലുള്ള വർക്ക് ലോഡ് കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം ഇത്തരത്തിലുള്ള കോഴ്സുകൾ തിരഞ്ഞെടുക്കേണ്ടത്.

**എബിലിറ്റി എൻഹാൻസ്മെൻറ് കോഴ്സുകൾ** (AEC)

വിദ്യാർത്ഥികളുടെ ഭാഷാപരമായ നൈപുണിയും വിജ്ഞാനവും ഉറപ്പു വരുത്തുന്നതിന് നാല് കോഴ്സുകൾ ചെയ്യണം. രണ്ടു കോഴ്സുകൾ ഇംഗ്ലീഷും, രണ്ടു കോഴ്സുകൾ മറ്റു ഭാഷ വിഷയങ്ങളും വിദ്യാർത്ഥികളുടെ താത്പര്യമനുസരിച്ച് തിരഞ്ഞെടുക്കാവുന്നതാണ്.

Example: Critical writing, Communication skills

**സ്കിൽ എൻഹാൻസ്മെൻറ് കോഴ്സുകൾ**(SEC)

വിദ്യാർത്ഥികളുടെ നൈപുണി വികസനം ലക്ഷ്യമിട്ടുള്ള കോഴ്സുകളാണ് ഇതിന്റെ ഭാഗമായി തിരഞ്ഞെടുക്കേണ്ടത്. 3 കോഴ്സുകൾ നിർബന്ധമായും പഠിക്കണം.

Example: Business Communication, Entrepreneur Skills, Soft Skills, E-Tourism, Artificial Intelligence, Language Skills

**വാല്യൂ അഡിഷൻ കോഴ്സുകൾ (VAC)**

അക്കാദമിക് പാഠ്യപദ്ധതിയിൽ വ്യക്തമാക്കിയിട്ടുള്ള നിലവാരത്തിനപ്പുറം വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താൻ രൂപകൽപ്പന ചെയ്തിട്ടുള്ള കോഴ്സുകളാണ് വാല്യൂ അഡിഷൻ കോഴ്സുകൾ (VAC). 3 കോഴ്സുകൾ നിർബന്ധമായും പഠിക്കണം.

ഇതിന്റെ ഭാഗമായി NSS/NCC/വിദ്യാർത്ഥി യൂണിയൻ, കല-കായിക രംഗത്തു ഭാഗമാകുന്ന വിദ്യാർത്ഥികൾ ഒരു കോഴ്സ് കുറച്ചു ചെയ്താൽ മതിയാകും. ഇത്തരം പ്രവർത്തനങ്ങൾക്കുള്ള 3 ക്രെഡിറ്റ് അവർക്കു ലഭിക്കും.

Example: Gender, Constitutional Values, Human rights, science and society

**മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ (MDC)**

മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ വിദ്യാർത്ഥികളുടെ ബൗദ്ധികാനുഭവം വിശാലമാക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ഇത് എല്ലാ വിദ്യാർത്ഥികളും പഠിക്കണം. മേജർ മൈനർ വിഷയങ്ങളിൽ നിന്നും വ്യത്യസ്തമായ വിഷയങ്ങളായിരിക്കണം തിരഞ്ഞെടുക്കേണ്ടത്. 3 കോഴ്സുകൾ നിർബന്ധമായും പഠിക്കണം.

- **സിഗ്നേച്ചർ കോഴ്സുകൾ** -

മേൽ സൂചിപ്പിച്ച മേജർ മൈനർ കോഴ്സുകൾക്ക് പുറമേ സിഗ്നേച്ചർ കോഴ്സുകളും പഠിക്കാനുള്ള അവസരമുണ്ട്. ഇത് പ്രത്യേകം തെരഞ്ഞെടുത്ത കോഴ്സുകളോ നൈപുണിയോ ആയിരിക്കും. ഇത് ബോർഡ് ഓഫ് സ്റ്റഡീസിന്റെയും അക്കാദമിക് കൗൺസിലിന്റെയും മുൻകൂർ അനുമതിയോടുകൂടി അതത് കോളേജുകളിലെ ഫാക്കൽറ്റികൾ രൂപകൽപ്പന ചെയ്തു ഓഫർ ചെയ്യുന്ന കോഴ്സുകളാണ്.

- **ഇന്റേൺഷിപ്പ്** -

നാലുവർഷ ബിരുദ പ്രോഗ്രാം തെരഞ്ഞെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും സ്ഥാപനങ്ങളിലോ വ്യവസായശാലകളിലോ ഫാക്വൽറ്റികളോടൊപ്പമോ ഗവേഷകരോടൊപ്പമോ 120 മണിക്കൂർ ഇൻ്റേൺഷിപ്പ് പൂർത്തിയാക്കണം. 2 ക്രെഡിറ്റുകളാണ് ഇൻ്റേൺഷിപ്പിന് നൽകുന്നത്. പുറത്ത് പ്രോജക്ട് ലഭിച്ചില്ലെങ്കിൽ അധ്യാപകർക്കൊപ്പം ക്യാമ്പസിൽത്തന്നെ അത് പൂർത്തിയാക്കാം. വേനലവധിക്കാലത്താണ് ഈ കോഴ്സ് ചെയ്യേണ്ടത്.

- **പരീക്ഷാരീതിയിൽ വരുന്ന മാറ്റങ്ങൾ**

പരീക്ഷയിലും മൂല്യനിർണയ രീതികളിലും സമൂലമായ പരിഷ്കരണമാണ് നടപ്പിലാക്കുന്നത്. നിലവിലുള്ള External - Internal അനുപാതം 80 : 20 ആണ്. നാലുവർഷ ബിരുദ പ്രോഗ്രാമിൽ അത് 70 : 30 എന്നാക്കിയിട്ടുണ്ട്. 1, 3, 5, 7 സെമസ്റ്ററുകളുടെ മൂല്യനിർണയം കോളേജ് തലത്തിലാണ് നടക്കുക. വർഷാന്ത്യ പരീക്ഷകൾ സർവകലാശാല നൽകുന്ന ചോദ്യപേപ്പർ അനുസരിച്ചാണ് നടത്തുക.

പരീക്ഷകളുടെ ദൈർഘ്യത്തിൽ ഗണ്യമായ കുറവ് വരുത്തുന്നു. ഒരു മണിക്കൂർ മുതൽ രണ്ടുമണിക്കൂർ വരെ എന്ന നിലയിലേക്ക് പരീക്ഷാസമയം നിശ്ചയിച്ചിട്ടുണ്ട്. സിലബസിന്റെയും കോഴ്സുകളുടെയും ക്രെഡിറ്റനുസരിച്ച് പരീക്ഷ രീതിയിലും ദൈർഘ്യത്തിലും വ്യത്യാസം വരും. കേവലം എഴുത്തുപരീക്ഷ എന്ന നിലയിൽ നിന്ന് മാറി ഓൺലൈൻ/ ഓപ്പൺ ബുക്ക് പരീക്ഷ, ഫീൽഡ്/ ഇൻഡസ്ട്രിയൽ വിസിറ്റ്, ക്വിസ്, ഇന്റേർവ്യൂ, കലാപ്രകടനം, വീഡിയോ നിർമ്മാണം, പ്രഭാഷണം, കേസ് സ്റ്റഡി, വ്യക്തിഗത പ്രൊജക്റ്റ്, സർവേ അടക്കമുള്ളവ മൂല്യനിർണ്ണയത്തിനായി ഉപയോഗപ്പെടുത്തും. അറിവ്, നൈപുണി, അഭിരുചി തുടങ്ങിയവയ്ക്ക് പ്രഥമ പരിഗണന നൽകുന്ന രീതിയിലേക്ക് പരീക്ഷകൾ മാറും.

മൂല്യനിർണയവും ഫലപ്രഖ്യാപനവും വേഗത്തിൽ നടക്കും. ഭിന്നശേഷിക്കാർക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെയും ബ്രെയിൽ ലിപി പ്രയോജനപ്പെടുത്തിയും പരീക്ഷ നടത്തും.

വ്യക്തമായ റൂബ്രിക്സിന്റെ (rubrics) അടിസ്ഥാനത്തിലാകണം ഇൻറ്റേണൽ അസ്സെസ്സ്മെന്റ് നടത്തപ്പെടേണ്ടത്. എങ്ങനെയാണ് തങ്ങളെ വിലയിരുത്തപ്പെടുക എന്നത് മുൻകൂട്ടി വിദ്യാർത്ഥികളെ അറിയിക്കണം. അതിനാവശ്യമായ പരിശീലനവും നൽകണം. റൂബ്രിക്സ് എന്നത് വ്യത്യസ്ത തലത്തിലുള്ള പ്രകടനത്തെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡമാണ്.

ഉദാഹരണമായി സെമിനാറാണ് നൽകുന്നതെങ്കിൽ മൊത്തം മാർക്കിനെ Structure, Content, Coherence, Language & Clarity എന്നിങ്ങനെ തിരിച്ച് അതിനനുസൃതമായി വിലയിരുത്തണം. ഇതിന്റെ അനുപാതം (Structure- 20%, Content-50%, Coherence-15%, Language & Clairty-15%) അധ്യാപകർക്ക് തീരുമാനിക്കാം. റൂബ്രിക്സ് മുൻകൂട്ടി നൽകാതെ ഇന്റേണൽ അസസ്സ്മെന്റ് നടത്തരുത്.

Assignment ആണ് നൽകുന്നതെങ്കിൽ (Structure, Content, Clarity, Neatness) എന്നിവക്ക് ആനുപാതികമായി മാർക്ക് നൽകണം.

ഗ്രൂപ് ഡിസ്കഷനാണെങ്കിൽ (Communication Skills, Subject Knowledge, Attitude, Confidence, Presentation Skills, Critical thinking, Analytical thinking etc.) എന്നിവക്ക് ആനുപാതികമായി മാർക്ക് നൽകണം.

സെമെസ്റ്റർ പരീക്ഷക്ക് എങ്ങനെ തയ്യാറാകണമെന്നും വ്യത്യസ്ത ചോദ്യങ്ങൾക്ക് (Short answer, short essay, essay) എങ്ങനെയാണ് ഉത്തരം നൽകേണ്ടതെന്നും വിദ്യാർത്ഥികളെ അറിയിക്കണം.

ഏറ്റവും മികവുറ്റ രീതിയിലും ഗുണപരതയും സുതാര്യതയും ഉറപ്പ് വരുത്തിയും നീതിയുക്തമായും പരീക്ഷകൾ നടത്തുന്നതിന് കോളേജുകൾക്കും ഡിപ്പാർട്മെന്റുകൾക്കും അധ്യാപകർക്കും ഉത്തരവാദിത്തമുണ്ട്. ഏതെങ്കിലും തരത്തിലുള്ള പരാതി ഉയർന്നാൽ കോളേജ് തലത്തിലും സർവകലാശാലാ തലത്തിലും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും എല്ലാം പങ്കാളിത്തമുള്ള സുതാര്യമായ രീതിയിൽ പ്രവർത്തിക്കുന്ന പരാതി പരിഹാര സംവിധാനത്തിലൂടെ അത് പരിഹരിക്കുന്നതാണ്.

**വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യം -**

ഇഷ്ടവിഷയങ്ങൾ തിരഞ്ഞെടുത്ത് പഠിക്കാനുള്ള സ്വാതന്ത്ര്യമാണ് നാലുവർഷ ബിരുദ കോഴ്സിലൂടെ വിദ്യാർഥികൾക്ക് ലഭിക്കുന്നത്. മേജർ വിഷയത്തോടൊപ്പം തന്നെ ഇഷ്ടമുള്ള വിഷയങ്ങൾ മൈനറായി തിരഞ്ഞെടുത്തു പഠിക്കാം. ആദ്യ രണ്ടു സെമസ്റ്ററുകളിൽ പഠിച്ച വിഷയങ്ങളിൽ താല്പര്യമുള്ളവ മൂന്നാം സെമസ്റ്റർ മുതൽ മേജർ ആയി പഠിക്കാം. മൈനർ ആയി പഠിച്ച വിഷയങ്ങളും മേജർ ആക്കി മാറ്റാൻ സാധിക്കും. കോളേജിലെ കോഴ്സിന് പുറമേ, പുറത്തുനിന്നും ഓൺലൈൻ കോഴ്സുകൾ പഠിച്ച് നിശ്ചിത ക്രെഡിറ്റ് നേടാം. താല്പര്യമുള്ള വിഷയങ്ങൾക്കനുസരിച്ച് കോളേജും സർവകലാശാലയും വരെ മാറാനുള്ള അവസരം ഇത് നൽകുന്നു. നാലുവർഷ ബിരുദം പൂർത്തിയാക്കുന്നവർക്ക് തുല്യതാപ്രശ്നം നേരിടേണ്ടിവരുന്നില്ല. സമർത്ഥരായ വിദ്യാർത്ഥികൾക്ക് നിശ്ചിത ക്രെഡിറ്റ് സമ്പാദിച്ച് രണ്ടര വർഷം കൊണ്ടുതന്നെ ബിരുദം പൂർത്തിയാക്കാനുള്ള അവസരവും ഇത് തുറന്നു നൽകുന്നു.

- **പി.ജി പഠനം -**

നിലവിൽ മൂന്നു വർഷത്തെ യുജി കോഴ്സ് കഴിഞ്ഞ് രണ്ടു വർഷം പിജി എന്ന നിലയാണുള്ളത്. നാലുവർഷ ബിരുദ കോഴ്സിൽ മൂന്നുവർഷംകൊണ്ട് ഡിഗ്രി പൂർത്തിയാക്കുന്നവർക്ക് ഇപ്പോഴുള്ള രീതിയിൽ തന്നെ രണ്ടു വർഷത്തെ പി.ജി.ക്ക് ചേരാം. എന്നാൽ നാലുവർഷം ഓണേഴ്സ് പൂർത്തിയാക്കിയവർക്ക് രണ്ടാംവർഷ പിജിയിലേക്ക് നേരിട്ട് പ്രവേശനം ലഭിക്കും. അവർ ഒരു വർഷം പിജി പഠിച്ചാൽ മതിയാകും. ഓണേഴ്സ് വിത്ത് റിസർച്ച് പൂർത്തിയാക്കുന്നവർക്ക് പി.ജി.ക്ക് ചേരാതെ തന്നെ പിഎച്ച്ഡിക്ക് പ്രവേശനം ലഭിക്കും.

**നാലുവർഷ ബിരുദപ്രോഗ്രാം നടപ്പിലാക്കുമ്പോൾ കോളേജ് തലത്തിൽ നടത്തേണ്ട തയ്യാറെടുപ്പുകൾ.**

എല്ലാ കോളേജുകളിലും നാലുവർഷ ബിരുദപ്രോഗ്രാം കോർഡിനേറ്ററെ തിരഞ്ഞെടുക്കണം.

എല്ലാ പഠനവകുപ്പുകളിലും ഒരു വകുപ്പ്-തല നാലുവർഷ ബിരുദപ്രോഗ്രാം കോർഡിനേറ്ററെ തിരഞ്ഞെടുക്കണം.

ഇവരെ ഉൾപ്പെടുത്തി കോളേജ് തല നാലുവർഷ ബിരുദപ്രോഗ്രാം കമ്മിറ്റി പ്രിൻസിപ്പാളുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കണം.

സർവകലാശാലയുടെ വിവിധ ബോർഡ് ഓഫ് സ്റ്റഡീസ് തയ്യാറാക്കിയ മേജർ- മൈനർ കോഴ്സുകൾ, ജനറൽ ഫൌണ്ടേഷൻ കോഴ്സുകളുടെ ഭാഗമായ ലാംഗ്വേജ് എബിലിറ്റി കോഴ്സുകൾ (AEC), ബഹു വൈജ്ഞാനിക കോഴ്സുകൾ (MDC), വാല്യൂ അഡിഷൻ കോഴ്സുകൾ (VAC), നൈപുണ്യ വികസന കോഴ്സുകൾ (SEC) എന്നിവയുടെ ലിസ്റ്റിൽ നിന്നും ഓരോ കോളേജുകളും അവരുടെ കോളേജുകളിൽ നല്കാൻ കഴിയുന്ന മേജർ പ്രോഗ്രാമുകളുടെയും മൈനർ പ്രോഗ്രാമുകളുടെയും, ഫൌണ്ടേഷൻ കോഴ്സുകൾ എന്നിവയുടെയും ലിസ്റ്റ് തയ്യാറാക്കണം. കോളേജിലെ നിലവിലെ വർക്ക് ലോഡ് അനുസരിച്ചാണ് കോഴ്സുകൾ തിരഞ്ഞെടുക്കേണ്ടത്.

എല്ലാ കോളേജുകളും ഓരോ പ്രോഗ്രാമുകളിലേക്കും അഡ്മിഷൻ നേടിയ വിദ്യാർഥികൾക്കു ആ കോളേജിൽ നിന്ന് സ്വീകരിക്കാവുന്ന വിവിധ അക്കാദമിക് പാത്ത് വേകളുടെ (Pathway) ലിസ്റ്റ് പ്രസിദ്ധീകരിക്കണം.

മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ, മൾടിഡിസിപ്ലിനറി മേജർ, മേജർ വിത്ത് വൊക്കേഷണൽ മൈനർ എന്നിങ്ങനെ വിവിധ പാത് വേകൾ വഴി വിദ്യാർഥികൾക്ക് ബിരുദ പഠനം പൂർത്തീകരിക്കാനുള്ള അവസരമുണ്ട്.

അഡ്മിഷൻ നേടുന്ന സമയത്ത് വിദ്യാർഥികൾ കോളേജ് പ്രസിദ്ധീകരിച്ച മൈനർ വിഷയങ്ങളുടെ പട്ടിക പരിശോധിക്കുകയും താല്പര്യമുള്ള മൈനർ വിഷയങ്ങൾ ആ കോളേജിൽ ലഭ്യമാണോ എന്നു ഉറപ്പാക്കേണ്ടതുമാണ്.

ഓരോ വകുപ്പുകളും ആ വകുപ്പുകളിൽ മേജർ വിഷയം പഠിക്കുന്ന വിദ്യാർഥികൾക്കു തിരഞ്ഞെടുക്കാവുന്ന, മേജർ വിഷയത്തോട് ചേർന്ന് നിൽക്കുന്നതും അല്ലാത്തതുമായ മൈനർ വിഷയങ്ങളുടെ സർവകലാശാല തലത്തിൽ ലഭ്യമായ ഒരു പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കണം.

വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള മൈനർ വിഷയങ്ങൾ അഡ്മിഷൻ നേടിയ കോളേജിൽ ഇല്ലെങ്കിൽ അത് മറ്റ് കോളേജുകളിൽ നിന്നോ ഓൺലൈൻ പഠന രീതിയിലോ പൂർത്തികരിക്കാനുള്ള സാദ്ധ്യത വിദ്യാർത്ഥികൾക്ക് തേടാവുന്നതാണ്.

എല്ലാ കോളേജുകൾക്കും മറ്റ് കോളേജുകളിലെ വിദ്യാർഥികൾക്കായി ഓഫ് ലൈൻ/ ഓൺലൈൻ ആയി പ്രവേശനം നല്കാൻ ഉദ്ദേശിക്കുന്ന കോഴ്സുകളുടെ ലിസ്റ്റും ലഭ്യമായ ഒഴിവുകളുടെ എണ്ണവും പ്രസിദ്ധീകരിക്കാവുന്നതാണ്.

മറ്റ് വിഷയങ്ങളുടെ പഠനബോർഡുകൾ തയ്യാറാക്കിയ കോഴ്സുകൾ യോഗ്യരായ അദ്ധ്യാപകർ ഉണ്ടെങ്കിൽ ആ കോളേജിൽ പുതിയ മൈനർ വിഷയങ്ങൾ ആയി നൽകാവുന്നതാണ് .

കോളേജുകൾക്കു സ്വന്തം നിലയ്ക്ക് യോഗ്യരായ അദ്ധ്യാപകരെ നിയോഗിച്ചു വിദ്യാർഥികൾക്കു താല്പര്യമുള്ള പുതിയ മൈനർ വിഷയങ്ങൾ നൽകാവുന്നതാണ്. ഇക്കാര്യം കോഴ്സ് ആരംഭിക്കുമ്പോൾ സർവകാലാശാലകളെ അറിയിക്കേണ്ടതാണ്.

സർവകലാശാലാ പഠനബോർഡുകൾ തയ്യാറാക്കിയ കോഴ്സുകളോ സർവകലാശാല അംഗീകരിച്ച സിഗ്നേച്ചർ കോഴ്സുകളോ ഇത്തരത്തിൽ മൈനർ പഠനത്തിനായി വിദ്യാർഥികൾക്കു നൽകാവുന്നതാണ്.

എല്ലാ വിദ്യാർത്ഥികൾക്കും അക്കാദമിക്ക് ബാങ്ക് ഓഫ് ക്രെഡിറ്റ് ആരംഭിക്കാൻ വേണ്ട നിർദേശം നല്കണം.

വിവിധ സ്ഥാപനങ്ങളിൽ നിന്നു വിദ്യാർഥികൾ നേടുന്ന ക്രെഡിറ്റുകൾ നേരിട്ടു വിദ്യാർത്ഥിയുടെ ക്രെഡിറ്റ് ബാങ്കിൽ രേഖപ്പെടുത്തും.

വൊക്കേഷണൽ വിഷയങ്ങളിൽ മൈനർ നേടാനാഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള നൈപുണ്യ വികസന കേന്ദ്രങ്ങളെക്കുറിച്ചും അവ നൽകുന്ന വിവിധ തൊഴിലധിഷ്ഠിത ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകളെക്കുറിച്ചുമുള്ള വിവരങ്ങൾ കോളേജുകൾ നല്കണം. FYUG പ്രോഗ്രാമുകളുടെ മൈനർ കോഴ്സുകൾക്ക് പകരമായി ഇത്തരത്തിൽ നേടുന്ന കോഴ്സുകളുടെ ക്രെഡിറ്റ് ഉപയോഗിക്കാവുന്നതാണ്.

അഡ്മിഷൻ നേടുന്ന എല്ലാ വിദ്യാർത്ഥികൾക്കും വകുപ്പ് തലത്തിൽ അദ്ധ്യാപകരെ അക്കാദമിക് അഡ്വൈസർമാരായി (Academic Advisor) അനുവദിക്കണം.

**കോളേജ് തല നാലുവർഷ ബിരുദ പ്രോഗ്രാം കമ്മിറ്റിയുടെ ചുമതലകൾ**

ക്ലാസ് ആരംഭിച്ചാൽ വിദ്യാർത്ഥികൾക്കായി കോളേജ് തലത്തിൽ വിപുലമായ ഓറിയന്റ്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കണം.

വിദ്യാർത്ഥികൾക്ക് നാലുവർഷ ബിരുദ പദ്ധതി പ്രകാരം അവരുടെ പഠന പ്രവർത്തനങ്ങൾ എങ്ങനെയാണ് ചിട്ടപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ചുള്ള വിശദമായ മാർഗ നിർദ്ദേശങ്ങൾ ഓരോ കോളേജുകളും ലഭ്യമാക്കണം.

Programme Outcome, Programme Specific Outcome, Course Outcome, അക്കാദമിക് ക്രെഡിറ്റ് എങ്ങനെയാണ് കണക്കാക്കുന്നത്, ഓരോ പ്രോഗ്രാമിന്റെയും ക്രെഡിറ്റ് ഘടന, വിവിധ പാത് വേകളും അതുപോലെ മൂല്യ നിർണ്ണയ രീതികൾ, അതിനു പിന്തുടരുന്ന വിവിധ റൂബ്രിക്സ്, Academic Bank of Credit, Fast track Option (N-1) സെമസ്റ്റർ) എന്നിവയും വിദ്യാർഥികൾക്കു വിശദീകരിച്ചു കൊടുക്കണം.

ഓരോ സെമസ്റ്ററിലും നല്കുന്ന ഫൌണ്ടേഷൻ കോഴ്സുകളുടെ ബാസ്കറ്റുകൾ തീരുമാനിക്കുമ്പോൾ ആ വർഷം ആകെ ഉള്ള വിദ്യാർഥികളുടെ എണ്ണം കണക്കാക്കി ചുരുങ്ങിയത് 75 വിദ്യാർഥികൾക്കു ഓരോ കാറ്റഗറിയിലും (MDC, AEC(ENG), AEC(OL), VAC,SEC) ഒരു ഫൌണ്ടേഷൻ കോഴ്സ് എന്ന നിലയിൽ നല്കാൻ ഉള്ള സംവിധാനം കോളേജ് തലത്തിൽ ഉറപ്പാക്കണം.

കൂടുതൽ വിദ്യാർഥികളും ആവശ്യത്തിന് ജോലി ഭാരവും ഉണ്ടെങ്കിൽ അത് ഉപയോഗപ്പെടുത്തി അനുയോജ്യമായ താല്കാലിക ബാച്ചുകൾ ഫൌണ്ടേഷൻ കോഴ്സുകൾക്കായി കോളേജുകൾക്കു ആരംഭിക്കാവുന്നതാണ്.

**അക്കാദമിക് അഡ്വൈസർമാരുടെ ചുമതലകൾ**

വിദ്യാർഥികൾക്കു അഡ്മിഷൻ എടുത്ത പ്രോഗ്രാമിന്റെ പാത് വേ (pathway) കോഴ്സുകൾക്ക് പുറമെ തിരഞ്ഞെടുക്കാവുന്ന മറ്റ് പ്രോഗ്രാമുകളുടെ പാത് വേ കോഴ്സുകളെ കുറിച്ചും പഠിക്കാവുന്ന ബഹു വൈജ്ഞാനിക കോഴ്സുകളെ കുറിച്ചും (MDC) വ്യക്തമായ മാർഗ നിർദ്ദേശങ്ങൾ അക്കാദമിക് അഡ്വൈസർമാർ നൽകണം.

വിദ്യാർഥികൾ ഈ മാർഗ നിർദ്ദേശങ്ങൾ പിന്തുടർന്ന് വിവിധ പ്രോഗ്രാമുകളുടെ പാത് വേ കോഴ്സുകളും,ബഹു വൈജ്ഞാനിക കോഴ്സുകളും തിരഞ്ഞെടുത്തു ആദ്യ രണ്ടു സെമസ്റ്റർ പൂർത്തീകരിക്കും.

വിവിധ പ്രോഗ്രാമുകളുടെ പാത് വേ കോഴ്സുകൾ തിരഞ്ഞെടുക്കാൻ നിർദ്ദേശിക്കുമ്പോൾ വിദ്യാർഥികൾ അഡ്മിഷൻ എടുത്ത പ്രോഗ്രാമിനു പുറമെയുള്ള ചുരുങ്ങിയത് രണ്ടു പ്രോഗ്രാമുകളുടെ പാത് വേ കോഴ്സ കളും, ഈ പാത് വേ കോഴ്സുകൾക്കു പുറത്തുള്ള വിഷയങ്ങളിൽ നിന്നുള്ള ബഹു വൈജ്ഞാനിക കോഴ്സുകളും തെരഞ്ഞെടുക്കാൻ വിദ്യാർഥികളെ പ്രേരിപ്പിക്കണം.

ഇത്തരത്തിൽ വിവിധ പ്രോഗ്രാമുകളിൽ നിന്നുള്ള പാത് വേ കോഴ്സുകളും ബഹുവൈജ്ഞാനിക കോഴ്സുകളും തിരഞ്ഞെടുക്കാനുള്ള അവസരം ലഭിക്കുന്നതു വഴി വിദ്യാർഥികൾക്കു ആദ്യ രണ്ടു സെമസ്റ്ററുകളിൽ ഏറ്റവും ചുരുങ്ങിയത് 5 വിഷയ മേഖലകൾ എങ്കിലും പരിചയം നേടിയിട്ടുണ്ട് എന്ന് അക്കാദമിക് അഡ്വൈസർമാർ ഉറപ്പുവരുത്തണം.

ആദ്യ രണ്ടു സെമെസ്റ്ററുകൾക്ക് ശേഷം വിദ്യാർഥികൾക്കു അവരുടെ താല്പര്യപ്രകാരം അനുയോജ്യമായ മേജർ, മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കാനും അതിനു യോജിച്ച അക്കാദമിക് പാത് വേ ഡിസൈൻ ചെയ്യാനും അക്കാദമിക് അഡ്വൈസർമാർ ആവശ്യമായ സഹായങ്ങൾ നൽകണം.

**വകുപ്പ് തല നാലുവർഷ ബിരുദ കോർഡിനേറ്റർമാരുടെ ചുമതലകൾ**

മേജർ പ്രോഗ്രാം ഓഫർ ചെയ്യുന്ന ആർട്സ്, ഹ്യൂമാനിറ്റീസ് ,കൊമേഴ്സ് വിഭാഗങ്ങളിലെ വിവിധ വകുപ്പുകൾ അവരുടെ വകുപ്പു തല കോഴ്സ് ബാസ്കറ്റുകളിൽ ചുരുങ്ങിയത് 25 പാത് വേ കോഴ്സുകളും ഒരു ബഹു വൈജ്ഞാനിക കോഴ്സുമുണ്ടെന്നു (MD) വകുപ്പ് തല നാലു വർഷ ബിരുദ കോർഡിനേറ്റർ ഉറപ്പുവരുത്തണം.

പാത് വേ കോഴ്സുകളുടെ ബാസ്കറ്റുകൾ തിരഞ്ഞെടുക്കുമ്പോൾ ലെവൽ 100 ൽ ചുരുങ്ങിയത് 3 കോഴ്സുകൾ, ലെവൽ 200 ൽ ചുരുങ്ങിയത് 7 കോഴ്സുകൾ, ലെവൽ 300 ൽ ചുരുങ്ങിയത് 10 കോഴ്സുകൾ, ലെവൽ 400 ൽ രണ്ടു ഓൺലൈൻ കോഴ്സുകൾ അടക്കം 5 കോഴ്സുകൾ ഉണ്ട് എന്നു വകുപ്പ് തല നാലുവർഷ ബിരുദ കോർഡിനേറ്റർമാർ ഉറപ്പുവരുത്തണം.

മൈനർ പ്രോഗ്രാം മാത്രം നല്കുന്ന വകുപ്പുകളുടെ കോഴ്സ് ബാസ്കറ്റുകളിൽ ഓൺലൈൻ കോഴ്സുകളടക്കം 9 പാത് വേ കോഴ്സുകളുണ്ട് എന്നു ഉറപ്പ് വരുത്തണം.

ലാബ് കോഴ്സുകൾ ഉള്ള സയൻസ് വിഷയങ്ങളിൽ മേജർ നൽകുന്ന വകുപ്പുകളിലെ കോഴ്സ് ബാസ്കറ്റുകളിൽ വിവിധ ലെവലുകളിൽ ആയി 24 പാത് വേ കോഴ്സുകളും (രണ്ടു ഓൺലൈൻ കോഴ്സുകളടക്കം) ഒരു ബഹു വൈജ്ഞാനിക കോഴ്സുമുണ്ടെന്നു ഉറപ്പുവരുത്തണം.

ലാബ് കോഴ്സുകൾ ഒരു ക്രെഡിറ്റ് കോഴ്സ് ആയി ഡിസൈൻ ചെയ്യുകയും അത് ഒറ്റക്കോ അനുബന്ധ തിയറി കോഴ്സുകളുമായി കൂട്ടി ചേർത്ത് 4 ക്രെഡിറ്റ് കോഴ്സ് ആയോ ( ക്രെഡിറ്റ് തിയറി+1 ക്രെഡിറ്റ്

പ്രാക്ടിക്കൽ എന്ന രീതിയിൽ) ബന്ധപ്പെട്ട സർവകലാശാലകൾ നിർദേശിക്കുന്ന രീതിയിലാണ് നടത്തേണ്ടത്.

ഇത്തരത്തിൽ പാത് വേ കോഴ്സ് നിശ്ചയിക്കുമ്പോൾ സയൻസ് ലാബ് വിഷയങ്ങളിൽ മേജർ & മൈനർ നല്കുന്ന വകുപ്പുകളിൽ ചുരുങ്ങിയത് 11 കോഴ്സുകൾ എങ്കിലും ലാബ് കോഴ്സുകളുടെ ക്രെഡിറ്റുകൾ ഉള്ളതായിരിക്കണം.

മേജർ ചെയ്യുന്ന വിദ്യാർഥിക്കു ചില പ്രോഗ്രാമുകളിൽ 8 മുതൽ 10 കോഴ്സുകൾ എങ്കിലും ലാബ് കോഴ്സുകളുടെ ക്രെഡിറ്റുകൾ ഉൾചേർന്ന കോഴ്സുകൾ പൂർത്തീകരിക്കേണ്ടി വന്നേക്കാം.

ലാബ് കോഴ്സുകളുടെ ക്രെഡിറ്റുകൾ ഉൾചേർന്ന കോഴ്സുകൾ തിരഞ്ഞെടുക്കുമ്പോൾ ഓരോ വകുപ്പുകളും നിലവിൽ ലാബ് കോഴ്സുകൾക്ക് അനുവദിച്ച ജോലിഭാരം, വിദ്യാർഥികൾ ഒരു ലാബ് കോഴ്സ് വഴി പൂർത്തീകരിക്കുന്ന പ്രാക്ടിക്കലുകളുടെ എണ്ണം, വിദ്യാർഥി ആ പ്രോഗ്രാമിൽ ആകെ പൂർത്തിയാക്കേണ്ട പ്രാക്ടിക്കലുകളുടെ എണ്ണം എന്നിവ അടിസ്ഥാനമാക്കേണ്ടതുണ്ട്.

ഒരു ക്രെഡിറ്റിന്റെ ലാബ് കോഴ്സവഴി 8 മുതൽ 10 പ്രാക്ടിക്കൽ എങ്കിലും വിദ്യാർഥികൾ പൂർത്തികരിക്കുന്നതാണ് അഭികാമ്യം.

**കോളേജുകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ക്ലാസ്സുകൾ ക്രമീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

കോളേജുകൾ 8.30-3.30, 9.00-4.00, 9.30-4.30 എന്നീ ഏതെങ്കിലും ഒരു സമയക്രമം (7 മണിക്കൂർ- ഒരു മണിക്കൂർ ഉച്ചഭക്ഷണത്തിനുള്ള ബ്രേക്ക് ഉൾപ്പടെ) തീരുമാനിക്കാനും ആവശ്യമെങ്കിൽ 8.30-9.30 മുതൽ 4.30-5.30 വരെ ഉള്ള ക്ലാസ് സ്ലോട്ടുകൾ പഠനത്തിന് തിരഞ്ഞെടുക്കാനുമുള്ള സ്വാതന്ത്ര്യം പഠന വകുപ്പുകൾക്കും അദ്ധ്യാപകർക്കും ഉണ്ടാകുന്നതുമാണ്. കോളേജ് പ്രവർത്തന സമയമായി തിരഞ്ഞെടുക്കുന്ന സ്ലോട്ടിൽ ചില കോഴ്‌സുകൾ നടത്താൻ പ്രയാസം അനുഭവപ്പെടുന്നെങ്കിൽ ഫ്ലെക്സിബിൾ സമയക്രമം തിരഞ്ഞെടുക്കാൻ അധ്യാപകർക്ക് അനുമതി ഉണ്ടായിരിക്കുന്നതാണ്. ഇത് കോളേജ് തല നാലുവർഷ ബിരുദ പ്രോഗ്രാം കമ്മിറ്റിക്കു ക്രമീകരിച്ചു നൽകണം.

എല്ലാ ദിവസവും ചുരുങ്ങിയത് 4 മുതൽ 5 സ്ലോട്ടുകളെങ്കിലും ക്ലാസ്സുകൾക്കായി ഉപയോഗപ്പെടുത്തുന്നു എന്നു കോളേജ് തല നാലുവർഷ ബിരുദ പ്രോഗ്രാം കമ്മിറ്റി ഉറപ്പ് വരുത്തണം.

ഫൌണ്ടേഷൻ കോഴ്സുകൾക്കു ഒരുദിവസം പരമാവധി 2 സ്ലോട്ടുകൾ, പാത് വേ കോഴ്സുകൾക്കു ഒരുദിവസം പരമാവധി 3 സ്ലോട്ടുകൾ എന്ന രീതിയിൽ സ്ലോട്ടുകൾ ക്രമീകരിക്കണം. ഫൌണ്ടേഷൻ കോഴ്സുകൾക്കുള്ള സ്ലോട്ടുകളിൽ ഫൌണ്ടേഷൻ കോഴ്സുകളും പാത് വേ കോഴ്സുകൾക്കുള്ള സ്ലോട്ടുകളിൽ പാത് വേ കോഴ്സുകളും ക്രമീകരിക്കണം.

ഫൌണ്ടേഷൻ കോഴ്സുകൾക്കുള്ള സ്ലോട്ടുകളിൽ വീണ്ടും ഓരോ കാറ്റഗറിയിലുള്ള എല്ലാ കോഴ്സുകളും (MDC, AEC, VAC, SEC) ഒരേ സമയം വരുന്ന രീതിയിൽ പരമാവധി ക്രമീകരിക്കണം.

പാത് വേ കോഴ്സുകൾക്കുള്ള സ്ലോട്ടുകൾ സ്ലോട്ട് (എ), സ്ലോട്ട് (ബി), സ്ലോട്ട് (സി) എന്നിങ്ങനെ തരം തിരിക്കാം.

സ്ലോട്ട് (എ) വിദ്യാർഥികൾ അഡ്മിഷൻ എടുത്ത പ്രോഗ്രാമിലെ പാത് വേ കോഴ്സുകൾക്കായും സ്ലോട്ട് (ബി) സ്ലോട്ട് (സി) എന്നിവ അഡ്മിഷൻ എടുത്ത പ്രോഗ്രാമിനു പുറത്തുള്ള പ്രോഗ്രാമുകളുടെ പാത് വേ കോഴ്സുകൾക്കായും വിനിയോഗിക്കാവുന്നതാണ്.

വിദ്യാർഥികളുടെ താല്പര്യം പരിഗണിച്ച് സാധ്യമാവുമെങ്കിൽ സ്ലോട്ട് (ബി) സ്ലോട്ട് (സി) എന്നിവിടങ്ങളിൽ നല്കുന്ന കോഴ്സുകൾ പരസ്പരം മാറ്റാനും അല്ലെങ്കിൽ ഈ സ്ലോട്ടുകളിലെ ചില കോഴ്സുകൾക്കായി പുതിയ ഒരു സ്ലോട്ട് തീരുമാനിച്ചു നൽകുകയും ചെയ്യാവുന്നതാണ്.

ഫലാധിഷ്ഠിത **വിദ്യാഭ്യാസം (OBE) നാലു വർഷ ബിരുദ പദ്ധതിയിൽ**

ഫലാധിഷ്ഠിത വിദ്യാഭ്യാസം അഥവാ 'ഔട്ട്കം ബേസ്ഡ്എജ്യുക്കേഷൻ' (OBE) എന്നത് ഇന്ന് സാർവദേശീയമായി അംഗീകരിക്കപ്പെട്ട ഒരു വിദ്യാഭ്യാസ മാതൃകയാണ്. നാലുവർഷ ബിരുദ പ്രോഗ്രാം വിഭാവനം ചെയ്തിട്ടുള്ള ത് വിഷയബന്ധിതമായ അറിവു നേടുന്നതോടൊപ്പം അതു പ്രയോഗ തലത്തിൽ കൊണ്ടുവരുന്നതിനുള്ള നൈപുണിയും വിദ്യാർഥികളിൽ ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ്. ഫലാധിഷ്ഠിത വിദ്യാഭ്യാസം ഊന്നൽ നൽകുന്നത് മൂന്നു തലങ്ങളായുള്ള 'പഠന ഫലം' അഥവാ 'ലേണിങ് ഔട്കം' ഒരു ബിരുദം പഠനം പൂർത്തിയാകുമ്പോൾ വിദ്യാർത്ഥികൾ നേടിയിരിക്കണം എന്നുള്ളതാണ്.

മേൽപ്പറഞ്ഞ 'പഠന ഫലസിദ്ധി' യോടെയാണ് വിദ്യാർഥികൾ ബിരുദം കരസ്ഥമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്ന രീതിയിലാണ് നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്. ക്ലാസ്സ്റൂം പഠനം, ലാബ് അനുബന്ധ പരിശീലനം, ഫീൽഡ് അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ എന്നിവ ഇതിനനുസൃതമായാണ് നടത്തപ്പെടുന്നത് എന്ന് ഉറപ്പു വരുത്തുന്നുണ്ട്. പരീക്ഷാ സമ്പ്രദായങ്ങളും മൂല്യനിർണ്ണയവും ഇതിനോട് യോജിക്കുന്ന തരത്തിൽ ക്രമീകരിക്കുമ്പോൾ വിദ്യാർഥികൾ ബിരുദം പൂർത്തിയാക്കുന്നതോടെ Programme Outcome വിഭാവനം ചെയ്തിട്ടുള്ള ബിരുദ ഗുണങ്ങളും അവർ പഠിക്കുന്ന വിഷയങ്ങളിലെ ആഴത്തിലുള്ള അറിവും പ്രായോഗിക കഴിവുകളും ഒരേപോലെ കൈവരിക്കും.

സർവകലാശാല തയ്യാറാക്കുന്ന 'ബിരുദ ഗുണങ്ങൾ' (Programme Outcome), വിഷയബന്ധിതമായ കഴിവുകളും (Programme Specific Outcome) തങ്ങളുടെ കലാലയത്തിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർഥികളും നാലു വർഷ ബിരുദം പൂർത്തിയാക്കുമ്പോൾ ആർജ്ജിക്കുന്നു എന്ന് ഉറപ്പു വരുത്തണം.

ഓരോ ദിവസങ്ങളിലും പഠിക്കേണ്ട വിഷയ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന കോഴ്സുകളെ (പേപ്പറുകളെ) അതിന്റെ വിഷയസ്വഭാവത്തിനനുസരിച്ച് കൈകാര്യം ചെയ്യേണ്ടുന്ന കൊഗ്നിറ്റീവ് ലെവൽ അടിസ്ഥാനമാക്കിയാണ് അധ്യാപനവും പഠനവും നടക്കേണ്ടത്. ഇതിനനുസൃതമായി ഓരോ പേപ്പറുകളെയും വിവിധ കോഴ്സ് ഔട്കം (course outcome) ഘടകങ്ങളായി തിരിച്ചാണ് അധ്യാപന-പഠനവും, പരീക്ഷകളും മൂല്യനിർണ്ണയവും ഇനി നടക്കുക. (ഉദാ. 2001 ലെ ബ്ലൂംസ് ടാക്സോണമി

ഉപയോഗിച്ചുകൊണ്ട് കൊഗ്നിറ്റീവ് ലെവൽ അടിസ്ഥാനമാക്കിയുള്ള കോഴ്സ് ഔട്ട്കം വ്യക്തമാക്കുന്നതോടെ പരീക്ഷകൾക്കുള്ള ചോദ്യങ്ങളും മൂല്യനിർണ്ണയവും അതിനനുസരിച്ചാവുന്നു). കോഴ്സ് ഔട്ട്കം സർവകലാശാല പഠന ബോർഡ് തന്നെ തയ്യാറാക്കുമെങ്കിലും അധ്യാപകർ തയ്യാറാക്കുന്ന 20 ശതമാനം സിലബസിന്റെ കോഴ്സ് ഔട്ട്കം അതാത് അധ്യാപകർ തന്നെ തയ്യാറാക്കണം.

ഇങ്ങനെ വരുന്നതോടെ അധ്യാപന രീതിയിലും ഗണ്യമായ മാറ്റമാണ് ഉണ്ടാകാൻ പോകുന്നത്. ഓരോ ലേണിംഗ് ഔട്ട്കത്തിനുമനുസരിച്ച് പാഠ്യഘടകങ്ങളെ ക്രമപ്പെടുത്തി, അതിനനുസരിച്ചുള്ള അധ്യാപന-പാഠ്യരീതികൾ ചിട്ടപ്പെടുത്തും. പരീക്ഷ സമ്പ്രദായവും ഈ ഘടകങ്ങളോട് യോജിക്കുന്ന തരത്തിൽ ക്രമീകരിക്കേണ്ടതായി വരും. അപ്പോൾ ആ പാഠ്യഘടകം ഏത് കൊഗ്നിറ്റീവ് തലത്തിലാണ് പഠിപ്പിക്കേണ്ടതെന്ന് കോഴ്സ് ഔട്ട്കം കൃത്യതയോടെ നിർവ്വചിച്ചിട്ടുള്ളതുകൊണ്ട് പരീക്ഷാചോദ്യങ്ങളും ആ കൊഗ്നിറ്റീവ് തലത്തിൽ തന്നെ ചോദിക്കേണ്ടി വരും. ഇങ്ങനെ, കൃത്യതയോടെ തയ്യാറാക്കിയ ലേർണിംഗ് ഔട്ട്കത്തിന്റെ അടിസ്ഥാനത്തിൽ, അധ്യാപന-പാഠ്യരീതിയിൽ സമഗ്രമായ മാറ്റമുണ്ടാക്കുന്നതിന് ഈ നാല് വർഷ ബിരുദ പദ്ധതി ലക്ഷ്യമിടുന്നു.

**Department of Higher Education**
**Government of Kerala**
**&**
**Directorate of Collegiate Education**